പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 290 | 28/01/2019 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**മായം ചേർത്ത വെളിച്ചെണ്ണയും ഭക്ഷണ പാനീയങ്ങളും കണ്ടെത്താൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ടി. വി. ഇബ്രാഹിം** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തുടനീളം മായം ചേർത്ത വെളിച്ചെണ്ണ വ്യാപകമായി വിറ്റഴിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര വെളിച്ചെണ്ണ കമ്പനികളുടെ ഉൽപ്പന്നം കണ്ടെത്തിയെന്നും നിരോധനമേർപ്പെടുത്തിയെന്നും വ്യക്തമാക്കുമോ; | എ) | 2018 -ൽ സംസ്ഥാനത്തുടനീളം 166 ബ്രാൻഡ് വെളിച്ചെണ്ണകളിൽ മായം ചേർത്തതായി കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത ബ്രാൻഡുകൾ നിരോധിച്ചിട്ടുണ്ട്. |
| ബി) | നിരോധിക്കപ്പെട്ട വെളിച്ചെണ്ണകൾ പുതിയ നാമത്തിലോ നിരോധിക്കപ്പെടാത്ത കമ്പനികളുടെ പേരിലോ വിറ്റഴിച്ച് ലാഭം ഉണ്ടാക്കുന്നതിന് നിരോധിച്ച വെളിച്ചെണ്ണ കമ്പനികൾ തയ്യാറാകുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ക്രമക്കേട് കണ്ടുപിടിക്കുന്നതിന് എന്തെല്ലാം രീതികളാണ് അവലംബിച്ചിട്ടുള്ളത്; | ബി) | നിരോധിക്കപ്പെട്ട ബ്രാൻഡുകളിൽപ്പെട്ട വെളിച്ചെണ്ണ പുതിയ ബ്രാൻഡിലോ നാമത്തിലോ നിരോധിക്കപ്പെടാത്ത കമ്പനികളുടെ പേരിലോ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇത്തരത്തിൽ ഗുണനിലവാരം കുറഞ്ഞ വെളിച്ചെണ്ണ കേരളത്തിൽ എത്തുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ബന്ധപ്പെട്ട് ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കാണുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ യുവതീയുവാക്കളെ മാരകമായ രോഗങ്ങളിലേക്ക് എത്തിക്കുന്ന, ആകർഷകമായ അളവിലും നാമത്തിലും നിറത്തിലും | സി) | ഭക്ഷ്യസുരക്ഷാ വകുപ്പ് നിശ്ചിത ഇടവേളകളിൽ ഇത്തരം സ്ഥാപനങ്ങളിൽ ഉൾപ്പെടെ പരിശോധനകൾ നടത്തുകയും ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണ പദാർത്ഥങ്ങൾ |

| | | | |
|---|---|---|---|
| | ഗന്ധത്തിലും രുചിയിലും വിറ്റഴിക്കുന്ന ജ്യൂസ്, സർബത്ത്, ഐസ്ക്രീം പൗഡർ എന്നീവ നിർമ്മിച്ച് സംസ്ഥാനത്തുട നീളമുള്ള കടകൾക്ക് വിതരണം നടത്തുന്നവരെ കുറിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി, വിശദമായ ഒരു അന്വേഷണത്തിന് നിർദ്ദേശം നല്കുമോ; | | കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |
| ഡി) | ഇത്തരമൊരു അന്വേഷണം ഫലപ്രദമായിക്കഴിഞ്ഞാൽ സംസ്ഥാനത്തെ യുവതലമുറയെ മാരകമായ രോഗത്തിനടിമപ്പെടുത്തുന്ന ഇത്തരം പാനീയങ്ങളുടെ ഉപയോഗത്തിൽ നിന്ന് മോചിപ്പിക്കാനുതകുമെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | ഡി) | ഇത്തരം പ്രവർത്തനങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഫലപ്രദമായി നടത്തിവരുന്നു. ഇത്തരം ഭക്ഷണ പദാർത്ഥങ്ങൾ ഉപയോഗിച്ചാലുണ്ടാകുന്ന ദോഷങ്ങളെ സംബന്ധിച്ച് കുട്ടികളെയും മുതിർന്നവരെയും ബോധ്യപ്പെടുത്തുന്നതിന് നിരവധി പദ്ധതികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ